പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T3627 — 19.02.2013-ൽ മറുപടിയ്ക്ക്

**മുല്ലപ്പെരിയാർ പുതിയ ഡാമിനായി പരിസ്ഥിതി ആഘാതപഠനം**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.എം.എ.ബേബി<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്** | | **ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു.മുഖ്യമന്ത്രി)** |
| (എ) മുല്ലപ്പെരിയാർ പുതിയ ഡാമിനായി പരിസ്ഥിതി ആഘാതപഠനം നടത്താൻ കേന്ദ്രവനം-പരിസ്ഥിതി മന്ത്രാലയം അനുമതി നൽകിയിരുന്നോ; എങ്കിൽ എന്നായിരുന്നു എന്ന് അറിയിക്കാമോ; | (എ) | ഇല്ല. |
| (ബി) പ്രസ്തുത പഠനം പൂർത്തിയായോ; അതിന്റെ പുരോഗതി അറിയിക്കുമോ; | (ബി) | ഇല്ല. പരിസ്ഥിതി ആഘാതപഠനം നടത്തുന്നതിന് പ്രഗതി ലാബ് & കൺസൾട്ടന്റ്സ് ലിമിറ്റഡ്, സെക്കന്തരാബാദ് എന്ന സ്ഥാപനത്തിന് അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പഠനത്തിന് മുന്നോടിയായി കേന്ദ്രവനം-പരിസ്ഥിതി വകുപ്പിന്റെ അനുമതി ആവശ്യമാണ്. ഇതിനുള്ള അപേക്ഷ 03.01.2013-ൽ കൂടിയ സംസ്ഥാനവന്യജീവി ബോർഡ് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. സംസ്ഥാന വന്യജീവി ബോർഡിന്റെ ശുപാർശയോടു കൂടി പ്രസ്തുത അപേക്ഷ കേന്ദ്ര വന്യജീവി ബോർഡിന്റെയും ബഹു.സുപ്രീം കോടതിയുടെയും അംഗീകാരം ലഭിച്ചശേഷം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ സമർപ്പിച്ച് അനുമതി വാങ്ങാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) സുപ്രീംകോടതി മുല്ലപ്പെരിയാർ കേസിന്റെ അന്തിമവാദം തുടങ്ങുന്നതിനു മുമ്പായി പ്രസ്തുത പഠനം പൂർത്തിയാക്കി സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ അംഗീകാരം ലഭിച്ചതിനുശേഷമേ പരിസ്ഥിതി ആഘാതപഠനം തുടങ്ങുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ